ഏലത്തൂർ കടൽഭിത്തി നിർമ്മിക്കുന്നതിന് നടപടി

55(958) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി താലൂക്കിൽ ഏലത്തൂർ കടലോരത്ത് 1500 മീറ്റർ കടൽഭിത്തിക്ക് തെക്കുവശത്ത് രൂക്ഷമായ കടൽ ക്ഷോഭം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കടലോരത്ത് കടൽ ഭിത്തി നിർമ്മിക്കുവാനുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇത് നടപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത കടലോരത്ത് 750 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ നിർമ്മാണത്തിന് 86 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന് ലഭിച്ചിരുന്നു. എന്നാൽ ബഡ്ജറ്റ് വിഹിതം കുറവാകയാൽ പ്രസ്തുത പ്രൊപ്പോസൽ തൽക്കാലം മാറ്റിവയ്ക്കേണ്ടി വന്നു. 1999-ലെ പുതുക്കിയ ഷെഡ്യൂൾ പ്രകാരം എസ്റ്റിമേറ്റ് പുതുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി കേന്ദ്ര സർക്കാരിന്റെ കടലാക്രമണ നിരോധന പ്രവൃത്തികൾക്കുള്ള സ്കീമിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

കാഡയുടെ പ്രവർത്തനം

56(959) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമാൻഡ് ഏരിയ ഡവലപ്പ്മെന്റ് ഏജൻസി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ് ;

(ബി) ഫാം റോഡുകളുടെ നിർമ്മാണം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ എന്നറിയിക്കുമോ ;

(സി) തൃശ്ശൂർ ജില്ലയിൽ കാഡ നടപ്പിലാക്കിവരുന്ന പുതിയ വികസന പദ്ധതികൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ ;

(ഡി) ചേർപ്പ് നിയോജകമണ്ഡലത്തിൽ നിർമ്മാണം തുടങ്ങിയ ഫാം റോഡുകൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) കാഡ മുഖേന കർഷകർക്ക് നൽകുന്ന മറ്റ് സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മലമ്പുഴ, വാളയാർ, പോത്തുണ്ടി, ഗായത്രി, മംഗലം, പീച്ചി, വാഴാനി, ചീരക്കുഴി, ചാലക്കുടി, നെയ്യാർ, ചിറ്റൂർപ്പുഴ, പെരിയാർവാലി, പമ്പ, കുറ്റ്യാടി, കാഞ്ഞിരപ്പുഴ, പഴശ്ശി എന്നീ പദ്ധതികളുടെ ആയക്കെട്ട് പ്രദേശത്ത് താഴെ പറയുന്ന വികസനപ്രവർത്തനങ്ങൾ കമാൻഡ് ഏരിയ ഡവലപ്പ്മെന്റ് അതോറിറ്റി നടപ്പിലാക്കിവരുന്നു:-

1. ഫീൽഡ് ചാനൽ, ഫീൽഡ് ഡ്രെയിൻ എന്നിവയുടെ നിർമ്മാണം.
2. കനാലുകളിൽ വാരബന്ധി സൗകര്യം ഏർപ്പെടുത്തൽ.
3. ആയക്കെട്ട് പ്രദേശത്തെ വെള്ളക്കെട്ട് നിവാരണ ജോലികൾ.
4. കൃഷിയിടങ്ങളിൽ അഡാപ്റ്റീവ് ട്രയൽ നടപ്പാക്കൽ.
5. വലിയ രീതിയിലുള്ള പ്രദർശന പരിപാടികൾ നടപ്പാക്കൽ.
6. കർഷകർക്കുള്ള വാട്ടർ മാനേജ്മെന്റ് ഉൾപ്പെടെയുള്ള കാഡാ പ്രവർത്തനങ്ങൾക്കുള്ള പരിശീലനം.
7. കർഷക സമിതി രൂപീകരണം
8. സമിതികൾക്ക് ഫങ്ഷണൽ ഗ്രാന്റ് വിതരണം.
9. വിവിധ പ്രവൃത്തികൾക്ക് ബാങ്കുകൾ വഴി സമിതികളിലൂടെ സബ്സിഡി വിതരണം.
10. മണ്ണ് പരിശോധന.
11. കാഡാ പ്രവൃത്തികളുടെ അവലോകനം നടത്തൽ.

(ബി) നേരത്തെ ഏറ്റെടുത്തിട്ടുള്ള ഫാം റോഡുകളുടെ പൂർത്തീകരണ ജോലികൾ മാത്രമേ ഇപ്പോൾ നടപ്പിലാക്കുന്നുള്ളൂ.

(സി) ഉത്തരം (എ) യിൽ പറഞ്ഞിരിക്കുന്ന വികസന പദ്ധതികളല്ലാതെ മറ്റ് പുതിയ പദ്ധതികളൊന്നും തൃശ്ശൂർ ജില്ലയിൽ നടപ്പാക്കുന്നില്ല.

(ഡി) നടപടി സ്വീകരിച്ച് വരുന്നു.

(ഇ) കാഡാ കർഷക സമിതികൾക്ക് ഫങ്ഷണൽ ഗ്രാന്റ് (ഒരു ഗഡു മാത്രം) നൽകുന്നുണ്ട്. കാഡയുടെ കൃഷിവിഭാഗത്തിൽനിന്നും നെല്ല്, തെങ്ങ് എന്നിവയ്ക്ക് വിളപരിക്രമത്തെ അടിസ്ഥാനപ്പെടുത്തി വിത്ത്, വളം, കീടനാശിനി എന്നിവയ്ക്ക് ചെലവാകുന്ന തുകയ്ക്ക് അനുവദനീയമായ തുക സബ്സിഡിയായി നല്കുന്നുണ്ട്. വാഴയ്ക്ക് വിത്ത്, വളം, കീടനാശിനി, കുമിൾനാശിനി, കൃഷിപ്പണികൾക്കായുള്ള മറ്റ് ചെലവുകൾ എന്നിവയ്ക്കും സബ്സിഡി അനുവദിക്കുന്നു. കൃഷിസ്ഥലത്തിന്റെ വിസ്തീർണ്ണം അടിസ്ഥാനപ്പെടുത്തി കൃഷിക്കാർക്കും സബ്സിഡി അനുവദിക്കുന്നുണ്ട്. സ്വാശ്രയ കർഷക കുടുംബങ്ങളുടെ രൂപീകരണത്തിന്റെ ഭാഗമായി പശു, കോഴി,

LIBRARY ARCHIVES Kerala Legislative Assembly

ആട്, പന്നി, മറ്റ് കാർഷികവിളകൾ എന്നിവയുടെ വിലയിലേയ്ക്കും, കൂട് നിർമ്മാണത്തിനും സബ്സിഡി നല്കുന്നു. കൂടാതെ കൂൺ, മത്സ്യം, വെറ്റില, പൂക്കൃഷി തുടങ്ങിയവയുടെ വികസനത്തിനുതകുന്ന പദ്ധതികളും കാഡയുടെ കൃഷിവിഭാഗം നടപ്പിലാക്കുന്നുണ്ട്. ഭൂഗർഭജല വികസന പദ്ധതിയുമായി ബന്ധപ്പെട്ട കിണർ കുഴിക്കൽ, പമ്പ്സെറ്റ് വാങ്ങൽ തുടങ്ങിയവയും ഭൂമി നിരപ്പാക്കൽ, തിട്ടകെട്ടൽ തുടങ്ങിയ മണ്ണ് സംരക്ഷണ ജോലികൾക്കും ബാങ്ക് വഴി സബ്സിഡികൾ ബന്ധപ്പെട്ട കർഷക സമിതികൾക്ക് നൽകിവരുന്നു.

സമഗ്ര തൊഴിൽ നയം

57(960) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു 'സമഗ്ര തൊഴിൽ നയം' ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) ഇല്ലെങ്കിൽ 'സമഗ്ര തൊഴിൽ നയം' ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒരു സമഗ്ര തൊഴിൽ നയം ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് സംബന്ധിച്ച് പ്രമുഖ വ്യവസായികളും തൊഴിലാളി യൂണിയൻ പ്രതിനിധികളും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥൻമാരും ഉൾപ്പെടുന്ന ഇൻഡസ്ട്രിയൽ റിലേഷൻ ബോർഡ് 11-6-1999-ൽ കൂടുകയും ഒരു തൊഴിൽ നയം രൂപീകരിക്കുന്നതിനുള്ള ചർച്ചകൾ നടത്തുകയും ഇതിന്റെ ഒരു കരട് രൂപം തയ്യാറാക്കി ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ചർച്ച നടത്തിയ ശേഷം ഒരു സമഗ്ര തൊഴിൽനയം രൂപീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) ഉദിക്കുന്നില്ല.

സിനിമാ വ്യവസായ തൊഴിലാളികൾക്ക് ക്ഷേമനിധി

58(961) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സിനിമാ വ്യവസായ തൊഴിലാളികൾക്ക് ക്ഷേമനിധി ഉണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) എങ്കിൽ എത്ര തൊഴിലാളികൾ പ്രസ്തുത ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ ക്ഷേമനിധി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly